# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട</u>
<u>ചോദ്യം നം. **48**</u>

**29.10.2019** ൽ മറുപടിക്ക്

## <u>ക്വാറികളുടെ പ്രവർത്തനാനുമതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. ടി.എ.അഹമ്മദ് കബീർ<br>ശ്രീ. ടി.വി. ഇബ്രാഹിം<br>ശ്രീ. എം.ഉമ്മർ | | ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും<br>യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) | മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് മാനദണ്ഡങ്ങൾ പാലിക്കാതെ ക്വാറികൾക്ക് അനുമതി നല്കിയിട്ടുള്ളതായി വിജിലൻസ് വകുപ്പിന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; | (എ) | 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ചു മാത്രമേ മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും ക്വാറികൾക്ക് അനുമതി നൽകാറുള്ളൂ. എന്നാൽ 05.09.2019 തീയതിയിൽ സംസ്ഥാന വ്യാപകമായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഓപ്പറേഷൻ ഹണ്ട് (വേട്ട) എന്ന പേരിൽ മൈനിംഗ് & ജിയോളജി ഓഫീസുകളിലും സംസ്ഥാനത്തെ ക്വാറികളിലും നടത്തിയ മിന്നൽ പരിശോധനകളിൽ നിബന്ധനകൾ പാലിക്കാതെ ചില ക്വാറികൾക്ക് അനുമതി നൽകിയതായി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | പ്രവർത്തനാനുമതി ലഭിച്ച പല ക്വാറികളും അനുവദിച്ചതിനേക്കാൾ സ്ഥലങ്ങളിൽ ഖനനം നടത്തുന്നതായി കണ്ടുപിടിച്ചിട്ടുണ്ടോ; | (ബി) | കണ്ടെത്തിയിട്ടുണ്ട്. |
| (സി) | അനധികൃത ക്വാറി ഇടപാടുകൾ അവസാനിപ്പിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ? | (സി) | 1. അനധികൃത ക്വാറി പ്രവർത്തനം തടയുന്നതിനായി 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 108 പ്രകാരം കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.<br>2. ലീസ് / പെർമിറ്റ് ഏരിയ ലംഘിച്ച് ഖനനം ചെയ്തെടുത്ത ധാതുവിന്റെ അളവ് കണക്കാക്കി കേരള മൈനർ മിനറൽ കൺസഷൻ ചട്ടപ്രകാരമുള്ള റോയൽറ്റിയും വിലയും ചേർത്ത് പിഴ ഈടാക്കുന്നുണ്ട്.<br>3. സ്ഫോടക വസ്തുക്കളുടെ ദുരുപയോഗം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ജില്ലാ പോലീസ് മേധാവിമാർക്ക നിർദേശം നൽകിയിട്ടുണ്ട്. |

4. അനധികൃത ഖനനം നിയന്ത്രിക്കുന്നതിനായി സ്ക്വാഡ് രൂപീകരിച്ച് പരിശോധന നടത്തുന്നതിന് തഹസീൽദാർമാർക്കും, ജില്ലാ ജിയോളജിസ്റ്റുമാർക്കും, ജില്ലാ പോലീസ് മേധാവിമാർക്കും ജില്ലാ കളക്ടർമാർ നിർദേശം നൽകിയിട്ടുണ്ട്.

5. സർക്കാർ ഭൂമിയിൽ അനധികൃത ഖനനം നടത്തിയിട്ടുണ്ടെങ്കിൽ കയ്യേറ്റം ഒഴിപ്പിക്കുന്നതിനും, അനധികൃതമായി നീക്കം ചെയ്ത ധാതുക്കളുടെ അളവ് കണക്കാക്കി റോയൽറ്റി, സീനിയറേജ് എന്നിവ പിഴ സഹിതം ഈടാക്കുന്നതിനും, 1957 -ലെ കേരള ഭൂസംരക്ഷണ നിയമം, 2015 -ലെ കെ.എം.എം.സി. ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

6. അനധികൃത ക്വാറികളുടെ പ്രവർത്തനങ്ങൾ തടയുന്നതിന് കേരള പഞ്ചായത്ത് രാജ് നിയമങ്ങളും, ചട്ടങ്ങളും പ്രകാരമുള്ള നിയമാനുസൃത നടപടികൾ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ സ്വീകരിച്ചുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ